MR. ABDUL AZIZ (*Trivandrum I—Muslim*) : ൫൰ ശതമാനം ഓവർലോഡിംഗ് എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?

HON'BLE MR. K. R. ELANKATH : യാത്രക്കാർക്ക് ഇരിക്കാനുള്ള സീറ്റുകളുടെ ൫൰ ശതമാനം കൂടുതൽ എന്നാണ് അർത്ഥം.

MR. S. KUTTAN : ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച കണക്കനുസരിച്ചാണോ യാത്രക്കാരെ കയറ്റുന്നതെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : അതെ. അങ്ങിനെതന്നെയാണ്.

MR. S. KUTTAN : തിരുവനന്തപുരം—നെയ്യാറിൻകര ഷട്ടിൽ സർവീസിൽ രണ്ടിരട്ടിയും മൂന്നിരട്ടിയും ആളെ കയറ്റുന്നതായറിയാമോ?

HON'BLE MR. K. R. ELANKATH : മുമ്പ് അങ്ങിനെയുണ്ടായിരുന്നിരിക്കാം. ഇപ്പോൾ അങ്ങിനെയില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഇങ്ങിനെ ഓവർലോഡിംഗ് അനുവദിക്കുന്നതുകൊണ്ടു യാത്രക്കാക്കു പല കഷ്ടതകളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : അതിനു പരിഹാരം ഉണ്ടാക്കാനാണ് കൂടുതൽ ബസ്സുകളെ ഇടാൻ നിർദ്ദേശം നൽകിയിട്ടുള്ളത്.

MR. R. K. RAM (*Agastheeswaram —General*) பஸ்ஸில் ஏறி overload உண்டா இல்லையா என்று பார்த்ததுண்டா ?

HON'BLE MR. K. R. ELANKATH : പാർത്തിട്ടുണ്ട്.

MR. A. CHIDAMBARA NATHA NADAR (*Kalkulam II—Hindu Nadar*) : எந்த லேனில்.

HON'BLE MR. K. R. ELANKATH : ലൈനിലും പാർത്തിട്ടുണ്ട്.

MR. A. CHIDAMBAR NATHA NADAR : கூடுதல் பஸ்கள் வாங்க ஏதாவது ஏற்பாடுகள் செய்யப்பட்டிருக்கிறதா ?

HON'BLE MR. K. R. ELANKATH : ബസ്സുകൾ വാങ്ങിച്ചിട്ടുണ്ട്. ഇപ്പോഴും ഏർപ്പാടു ചെയ്തിട്ടുണ്ട്.

Concessions to Backward Communities.

*583. MR. P. M. VARGHESE (*Thodupuzha II—General*): Will the Hon'ble Minister for Backward Communities be pleased to state:

(*a*) whether by the term 'backward' used with reference to a community the Government mean anything other than wordly status; and

(*b*) whether this Government recognise any community based on religion as backward or forward and confer on or deny to them special privileges of any kind?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI: (*a*) the term 'backward' in its popular sense denotes communities occupying a lower wordly status than those who are termed 'forward'.

(*b*) Certain denominations in Hindu religious group have been recognised as 'backward' for purposes of special privileges. Neither Christian nor Muslim religion recognises any such distinction

മലയാളത്തിൽ പറയുകയാണെങ്കിൽ ഭൗതികമായി താഴ്ന്ന പടിയിൽ ജീവിക്കുന്നവരെയാണ് പിന്നോക്കം എന്നു പറയുന്നത്.

ഹിന്ദുമതത്തിലെ ചില വിഭാഗങ്ങളെ ചില പ്രത്യേക ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായങ്ങൾ എന്നു ഗണിച്ചു വരുന്നുണ്ട്. എന്നാൽ ക്രിസ്തുമതത്തിലും മുഹമ്മദുമതത്തിലും അങ്ങിനെയുള്ള വ്യത്യാസങ്ങൾ അംഗീകരിച്ചിട്ടില്ല.

MR. P. M. VARGHESE : പിന്നോക്കസമുദായങ്ങളെ പിന്നോക്കസമുദായങ്ങളെന്ന പേരിൽ വിളിക്കുന്നതുകൊണ്ട് അവക്ക് സങ്കടമുള്ളതായി മനസ്സിലാക്കിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഭാഷ്യം അവ്യക്തമാണ്.

MR. P. CHACKO (*Thiruvalla V—General*) : ക്രിസ്തുമതത്തിലുള്ള പിന്നാക്കസമുദായങ്ങൾക്ക് ഗവൺമെൻറിൽനിന്നും ആനുകൂല്യങ്ങൾ നൽകുന്നതിനും ഒഴിച്ചുവിട്ടിട്ടുള്ളതു് എന്നു മുതൽക്കാണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യം ഇതിൽനിന്നും ഉൽഭവിക്കുന്നില്ല. ഇതിനുമുമ്പുതന്നെ പലപ്പോഴും ഈ സഭയിൽ ആ ചോദ്യത്തിനു ഉത്തരം പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

MR. M. O. CHERIAN (*Devikulam—General*): Is there any way of converting them as Brahmins?

HON'BLE MR. T. K. NARAYANA PILLAI : അതു് വിദഗ്ദ്ധന്മാരോടു് ആലോചിച്ചു ചെയ്യേണ്ട ഒരു കാര്യമാണ്. ഞാനോ ഗവർമെന്റോ അതിൽ വിദഗ്ദ്ധന്മാരല്ല.

MR. A. CHIDAMBARANATHA NADAR : பின்தங்கிய சமுதாயத்திலுள்ளவர்களுக்கு என்று சொன்னீர்களே, அதற்காக சர்க்கார் ஏதாவது நடபடி எடுத்ததுண்டா?

HON'BLE MR. T. K. NARAYANA PILLAI : അതിലേക്കു വേണ്ടിയാണ് ഒരു വലിയ തുക ആണ്ടുതോറും ബഡ്ജറ്റിൽ നീക്കിവച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവശതകൾ നീക്കുന്നതിനു് ഒരു ദശവൽസരപദ്ധതി ഉണ്ടാക്കി അതനുസരിച്ചു് പ്രവർത്തിക്കണമെന്നാണ് ഗവർമെൻറു് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR : பின்லேக்கச் சமுதாயத்திற்கு ஒரு தொகை ஒதுக்கப்பட்டிருக்கிறது என்று சொன்னீர்கள். அந்தப்பணம் சரியான முறையில் வினியோகிக்கப்படவில்லை என்று கவர்மென்றுக்குத் தெரியுமா ?

HON'BLE MR. T. K. NARAYANA PILLAI : ശരിയായി നടത്തണമെന്നു തന്നെയാണ് ഗവർമെൻറു ഉദ്ദേശിക്കുന്നതു. എന്തെങ്കിലും കുറവുണ്ടോ എന്നു് അന്വേഷിച്ചു് അതു പരിഹരിക്കുന്നതിനും ഗവർമെൻറു ശ്രദ്ധിച്ചുവരുകയാണു്.

MR. A. CHIDAMBARANATHA NADAR : இதை நடத்தக் கூடிய உத்தியோகஸ்தர் ஒருவர் ஏழு ரூபாய்க்கு ஒரு குட்டுவம் வாங்கி 61 ரூபாய் என்று கணக்கு எழுதினது கவர்மென்றுக்குத் தெரிபவருமா ?

HON'BLE MR. T. K. NARAYANA PILLAI : അതു് ഇതുവരെ ഗവർമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. മി. നാടാർ പറഞ്ഞതനുസരിച്ചു് അതേക്കുറിച്ചു് അന്വേഷിക്കുന്നതാണു്.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*) : ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യിക്കുന്നതു് അവരെ നന്നാക്കിക്കൊള്ളാമെന്നു വിശ്വസിപ്പിച്ചിട്ടല്ലേ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെ എന്തെങ്കിലും പ്രലോഭനം നടക്കുന്നുണ്ടോയെന്നു ഗവണ്മെൻറിനു് അറിവില്ല.

MR. K. S. JOSEPH (*Thiruvella IV—General*) : മതം മാറിയതുകൊണ്ടു ജാതി മാറുമോ?

HON'BLE MR. T. K. NARAYANA PILLAI : സെൻസസ് അനുസരിച്ചു പറയുകയാണെങ്കിൽ മതം മാറിയവരെ ആ മതത്തിന്റെ അടിസ്ഥാനത്തിലാണു് പിന്നോക്കമെന്നും മുന്നോക്കമെന്നും ഗണിച്ചുവരുന്നതു്.

MR. P. CHACKO : മതം മാറുന്നവരെ ജാതി തിരിച്ചിട്ടുള്ളതു ശരിയല്ലെന്നു പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : പരാതികൾ ലഭിച്ചിരിക്കാം. ഫർഥർ—ൽ പരാതിയുണ്ടായിരുന്നോ എന്നുള്ളതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. CHACKO : ഭൂരിപക്ഷമായി പിന്നോക്കം നിൽക്കുന്നവരാണു് പിന്നോക്കസമുദായങ്ങളെന്നു നേരത്തെ സൂചിപ്പിച്ചുവല്ലോ? അങ്ങിനെയാണെങ്കിൽ ഭൂരിപക്ഷമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു വ്യക്തി കൃസ്തുമതം സ്വീകരിച്ചാൽ അതു മാറുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെ ബോദ്ധ്യമില്ല. ഗവണ്മെൻറു ചില രൂഢകം പാസാക്കിയിട്ടുണ്ട്. അതുകളെ അടിസ്ഥാനമാക്കിയാണ് ഇതുവരെ പ്രവത്തിച്ചിട്ടുള്ളത്. ആ രൂഢകം നിലവിലിരിക്കുന്നിടത്തോളംകാലം അവയിൽനിന്നു വ്യതിചലിച്ച് എന്തെങ്കിലും പ്രവത്തിക്കുകയെന്നുള്ളതു സാദ്ധ്യമല്ല.

MR. P. CHACKO : ആ രൂഢകം നീതിരഹിതമാണെന്നു ബോദ്ധ്യപ്പെട്ടിട്ടില്ലേ?

HON'BLE MR. T. K. NARAYANA PILLAI : അതു് ഇപ്പോൾ വാദവിഷയമല്ല.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*): Is the Government aware that it is a slur to the reputation, to the fair name of the great faith founded by him who made no difference between fallacy or otherwise to see that the men even after conversion are not now inflicted with social stigma or inequality?

MR. PRESIDENT: It is a matter of opinion and so I disallow the question.

MR. P. BALAKRISHNAN TAMPI: My question is not that. I simply say that it is a contradiction in terms to say———

MR. PRESIDENT: I do not allow such a question.

MR. K. S. JOSEPH : പിന്നോക്കസമുദായത്തിലെ ഒരു അംഗം ക്രസ്ത്യാനി ആയശേഷം വീണ്ടും ഹിന്ദുമതം സ്വീകരിച്ചാൽ അയാളെ എങ്ങിനെയാണ് കണക്കാക്കുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : ഹിന്ദുമതത്തിൽനിന്നും ക്രസ്തുമതവും അതിൽനിന്നു മഹമ്മദുമതവും പിന്നെ തിരിച്ചു ഹിന്ദുമതവും മാറി പല പരിവത്തനവും കഴിഞ്ഞുവരുന്നവരെപ്പറ്റി ഗവണ്മെൻറു ഒരു നയം രൂപീകരിച്ചിട്ടില്ല.

MR. MANNATHU PADMANABHA PILLAI : ക്രസ്ത്യാനികൾക്കു് ജാതി ഇല്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതു് എൻെറ ഉത്തരത്തിൽ വന്നിട്ടുണ്ട്.

MR. K. S. JOSEPH : പിന്നോക്കസമുദായത്തിൽനിന്നും ക്രസ്ത്യാനികളായിട്ടുള്ള പലരും തിരികെ ഹിന്ദുമതം സ്വീകരിച്ചിട്ടുള്ളതായി ഗസറ്റിൽ പരസ്യംചെയ്യുകാണുന്നുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഇതുവരെ ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടില്ല. ഇനി വേണമെങ്കിൽ അറിവിൽപ്പെടുത്താം.

MR. T. T. KESAVAN SASTRI (*Kunnathunadu I—Pulaya*) : സമുദായത്തേയും മതത്തേയും ഗവണ്മെൻറു് ഒന്നായിട്ടാണോ രണ്ടായിട്ടാണോ കരുതുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : സമുദായത്തെ സമുദായമായിട്ടും മതത്തെ മതമായിട്ടുമാണു കരുതുന്നതു്.

MR. P. M. VARGHESE : ഇന്നത്തെ ഗവണ്മെൻറിന്റെ നയം അനുസരിച്ചു് പിന്നോക്കസമുദായക്കാർക്കു് മതസ്വാതന്ത്ര്യം അംഗീകരിച്ചിട്ടില്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : മതസ്വാതന്ത്ര്യം അനുവദിക്കണമെന്നാണു് ഗവണ്മെൻറിന്റെ നിശ്ചിതമായ നയം.

MR. P. M. VARGHESE : അങ്ങിനെയാണെങ്കിൽ മതം മാറുമ്പോൾ അവർക്കു് അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ നഷ്ടപ്പെടുന്നതു് എന്തുകൊണ്ടാണു്?

HON'BLE MR. T. K. NARAYANA PILLAI : അതു് മതസ്വാതന്ത്ര്യം എന്നതിന്റെ നിർവചനത്തെ അസ്പഷ്ടമാക്കിയാണിരിക്കുന്നതു്.

System of appointing teachers.

*584. MR. K. S. JOSEPH : Will the Hon'ble Minister for Education be pleased to state :

(*a*) whether there are instances where one teacher has to teach in more than one school at a time;

(*b*) whether English teachers have been appointed in all the Primary Schools for the 5th Class and for the Middle School classes;

(*c*) whether holders of M. H. and V. H. Certificates have been appointed in any school as English teachers;

(*d*) if not is it the policy not to appoint them as English teachers;

(*e*) what is the minimum necessary qualification for an English teacher?

HON'BLE MR. N. KUNJURAMAN ; (*a*) No. In view of the paucity for E. S. L. C. hands in General a few E. S. L. C. hands have been asked to teach English in more than one school as a temporary measure;

LIBRARY ARCHIVES Kerala Legislative Assembly